വിവരാവകാശം - മറുപടി

നം : E.4/21996/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 19..06..2017

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം.

ശ്രീമതി.റെനിമോൾ.എൻ
T.C 49/1500, രഞ്ചി കോട്ടേജ്,
പുഴിക്കുന്ന്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്.പി.ഒ.
തിരുവനന്തപുരം.

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - വിവരാവകാശം - മറുപടി നൽകുന്നത് - സംബന്ധിച്ച്

സൂചന :- താങ്കളുടെ 24.05.17ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 8

2. സീനിയർ ക്ലാർക്ക് - ക്ലാർക്ക്, ക്ലാർക്ക് ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ എണ്ണം 1:1 അനുപാതത്തിൽ ക്രമീകരിച്ചാണ് ഒഴിവുകൾ കണ്ടെത്തിയിട്ടുള്ളത്. ടി ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

3. 03/2016ന് ശേഷം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ KS & SSR ചട്ടം 31 (A)i പ്രകാരം താത്കാലികമായാണ് ഉദ്യോഗക്കയറ്റം നൽകുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ അതിന് താഴെയുള്ള തസ്തികയിലും ഉദ്യോഗക്കയറ്റം നൽകി വരുന്നത് പ്രസ്തുത ചട്ടത്തിന് വിധേയമായിട്ടാണ്. ജൂനിയർ സൂപ്രണ്ടിന്റെ 73 തസ്തികകളിലെ നിയമനം ഒരു വിശേഷാൽ ചട്ട ഭേദഗതിക്ക് ശേഷം മാത്രമേ ക്രമീകരിക്കാവൂ എന്ന സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്ത് വരുന്നത്.

4. E4/11669/16 തീയതി 17.12.16 എന്ന ഉത്തരവിനാധാരമായ ഫയൽ രേഖകളിൽ നിന്ന് ടി ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുവാൻ ഉണ്ടായ തീയതികൾ ഒഴികെ ഉള്ള വിവരങ്ങൾ ലഭ്യമാണ്. ഈ വിവരം Assignment നൽകി സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് മാത്രമേ പറയുവാൻ കഴിയുകയുള്ളൂ. മേൽ പ്രസ്താവിച്ച ഉത്തരവിന് ആധാരമായ ഫയലിൽ 13 പേജുകൾ കുറിപ്പ് ഫയലിലും 215 പേജുകൾ നടപ്പ് ഫയലിലും ജീവനക്കാരുടെ വിശദാംശങ്ങൾ അടങ്ങിയ രേഖകൾ 715 പേജുകളിലുമുണ്ട്. പേജ് ഒന്നിന് 2രൂ ക്രമത്തിൽ ആകെ 943 പേജുകൾക്ക് 1886/-രൂപ 0070-60-118-99-RIT ശീർഷകത്തിൽ ചെലാൻ അടച്ച് ഫയലിന്റെ പകർപ്പ് കൈപ്പറ്റാവുന്നതാണ്.

മേൽപ്പറഞ്ഞ മറുപടി തൃപ്തികരമല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 33 എന്ന മേൽവിലാസത്തിൽ 30 ദിവസത്തിനകം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**എസ്.എൽ.ശ്യാംശങ്കർ**
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
& സീനിയർ സൂപ്രണ്ട്
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം